പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6075 2.04.2018 ലെ മറുപടിക്ക്

## തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്റർ, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ; | എ) കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്റർ, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കയർ രംഗത്തെ ഉന്നത അധികാര സമിതിയായ അപ്പക്സ് ബോഡി ഫോർ കയർ (എ.ബി.സി)ന്റെ ജില്ലാതലസമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതികൾ കയർ പ്രോജക്ട് ഓഫീസുകളുമായി ചേർന്ന് തൊണ്ട് സംഭരണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരിച്ച് കയർ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനു പകരം അതാത് നാളികേര മേഖലയിൽ മില്ലുകൾ സ്ഥാപിച്ച് ചകിരി കയർ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. 2017-18 സാമ്പത്തിക വർഷം തൊണ്ട് സംഭരണത്തിനുള്ള റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവ് എന്നിവയ്ക്കായി 10 കയർ പ്രൊജക്ടുകളിലേയ്ക്ക് 1,73,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>നിലവിലെ പദ്ധതി അനുസരിച്ച്, തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്വകാര്യ ഡി.എഫ് മില്ലുകൾക്കും ഇൻസെന്റീവ്. സബ്സിഡി എന്നിവ നൽകുന്നുണ്ട്. കൂടാതെ സംഘങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്ക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഡി.എഫ്.മില്ലുകൾ |

| | |
|---|---|
| | സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. |
| ബി) കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് രണ്ടാം പുന:സംഘടനയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; | ബി) കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് രണ്ടാം പുന:സംഘടനയിലൂടെ നിരവധി കാര്യങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന വഴി ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു.<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017 ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457/- രൂപ നാളിതുവരെ അനുവദിച്ചി ട്ടുണ്ട്.<br><br>കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പ്രവർത്തനമൂലധനം നൽകുന്നതിനായി 12 കോടി രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തനമൂലധനമായി നൽകി കഴിഞ്ഞിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 |

സംഘങ്ങൾക്ക് 2,15,70,344/- രൂപയും, 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814/- രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു. 15 HP യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇൻറഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.

വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി. എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്റ്റിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8,000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു.

ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉല്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് താഴെ പറയുന്ന മെഷീനുകൾ നൽകിയിട്ടുണ്ട്.

1. ഡീഫൈബറിംഗ് മെഷീനുകൾ (15 എച്ച്.പി)-

| | |
|---|---|
| | 3 പ്രൊജക്ടുകളുടെ കീഴിൽ വരുന്ന 19 സംഘങ്ങൾക്കായി 19 എണ്ണം<br>2. വില്ലോയിംഗ് മെഷീൻ- 4 പ്രോജക്ടുകൾക്ക് കീഴിൽ വരുന്ന 38 സംഘങ്ങൾക്കായി 46 എണ്ണം.<br><br>കയർപിരി ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 233 കയർ സഹകരണ സംഘങ്ങൾക്കായി 2525 ഇലക്ട്രോണിക് റാട്ടുകൾ നൽകിയിട്ടുണ്ട്.<br><br>കയർ മേഖലയുടെ ഉന്നമനത്തിനായി താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ കേരള 2017-ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 137 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി .12.32 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.<br>3. ഉൽസവകാലങ്ങളിൽ താൽക്കാലിക വിൽപ്പന ശാലകൾ വഴിയുള്ള വിൽപ്പന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>4. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു. |
| സി) 2017-18 സാമ്പത്തികവർഷം പരമ്പരാഗത കയർതൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | സി) പരമ്പരാഗത കയർതൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457/- രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. വിവിധ ഏജൻസികളെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി |

| | |
|---|---|
| | ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ ഭരണ വകുപ്പിന്റെ സഹായത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ കൃഷി, മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തി വരുന്നു. കയർ കേരള 2017 ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം ഇത്തരത്തിൽ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ഇത്തരത്തിൽ ആഭ്യന്തര വിനിയോഗത്തിന് ഉപയോഗിക്കുക വഴി തൊഴിലാളികൾക്ക് കുറഞ്ഞത് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പാക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. |
| ഡി) കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; ഇതിനായി എൻ.സി.ഡി.സി. സഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ? | ഡി) കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം ലക്ഷ്യം വച്ച് കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിയ്ക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് വിശദമായ പ്രപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ആയത് എൻ.സി.ഡി.സി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ